ദേശാഭിമാനി 07 July 2017

# മത്സ്യബന്ധനയാനങ്ങൾക്ക് ഇനി അനുമതി നൽകരുതെന്ന് ദേശീയ വികസനരേഖ

**കൊച്ചി** > ഇന്ത്യൻ സമുദ്രാതിർത്തിയിൽ പുതുതായി മത്സ്യബന്ധന യാനങ്ങൾക്ക് ഇനി അനുമതി നൽകരുതെന്ന് ദേശീയ വികസന രേഖ. രാജ്യത്തെ സമുദ്ര മത്സ്യമേഖലയുടെ സുസ്ഥിരവികസനത്തിന് നീതി ആയോഗിന്റെ നിർദേശത്തോടെ തയ്യാറാക്കിയ രേഖയിലാണ് ഈ നിർദേശം.

ബോട്ടുകൾക്കു പുറമെ, മീൻപിടിത്ത വലകൾക്കും ബോട്ട് നിർമാണശാലകൾക്കും ഇനി മുതൽ ലൈസൻസ് ഏർപ്പെടുത്തുക, കടലിന്റെ ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിന് സമുദ്രോദ്യാനം, സംരക്ഷിത മേഖല എന്നിവ രൂപീകരിക്കുക, കടലുമായി ബന്ധപ്പെട്ട പ്രകൃതിലോല പ്രദേശങ്ങളെ ജൈവവൈവിധ്യ പൈതൃക മേഖലകളായി പ്രഖ്യാപിക്കുക തുടങ്ങിയവയും രേഖയിലെ നിർദേശങ്ങളാണ്. ചെറുമീനുകളെ പിടിക്കുന്നത് തടയാൻ സിഎംഎഫ്ആർഐ തയ്യാറാക്കിയ നിയന്ത്രണങ്ങൾ എല്ലാ തീരദേശ സംസ്ഥാനങ്ങളിലും ഒരുപോലെ നടപ്പിൽ വരുത്തണമെന്നും വികസനരേഖയിൽ പറയുന്നു.

തീരമേഖലയിൽ താമസിക്കുന്നവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കണം. തീരദേശക്കൃഷി, ഇക്കോടൂറിസം എന്നിവയിലൂടെ വരുമാനം കണ്ടെത്താൻ സഹായിക്കണം. മത്സ്യമേഖലയുടെ സുസ്ഥിരതയ്ക്ക് ഭീഷണിയായി മാറുന്ന സബ്സിഡികൾ നിർത്തി ഫണ്ടുകൾ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഉപജീവനം മെച്ചപ്പെടുത്തുന്ന പദ്ധതികൾക്ക് വിനിയോഗിക്കണം. സമുദ്രതീര പരിധിക്കുള്ളിൽ മത്സ്യബന്ധനനിയന്ത്രണങ്ങൾ ഏകോപിപ്പിക്കുന്നതിന് സമുദ്ര നിയന്ത്രണ പരിപാലന നിയമം നടപ്പാക്കണം. നിയമവിരുദ്ധവും അനിയന്ത്രിതവുമായ മീൻപിടിത്ത രീതികൾ തടയുന്നതിന് ബോട്ടുകളുടെ യാത്രാപഥം നിരീക്ഷിക്കുന്ന വിഎംഎസ് സംവിധാനം കർശനമായി നടപ്പാക്കണമെന്നും നിർദേശമുണ്ട്.

സിഎംഎഫ്ആർഐയും വേൾഡ് വൈൽഡ് ലൈഫ്-ഇന്ത്യയും സംയുക്തമായി നടത്തിയ ശിൽപ്പശാലയിൽ കേന്ദ്രമന്ത്രാലയങ്ങളിലെ ഉദ്യോഗസ്ഥർ, സമുദ്രശാസ്ത്രജ്ഞർ, പരിസ്ഥിതി വിദഗ്ധർ, വിവിധ സംസ്ഥാനങ്ങളിലെ ഫിഷറീസ്, വനം, പരിസ്ഥിതി, തീരദേശ പരിപാലനം, വ്യവസായം, സമുദ്രവികസനം തുടങ്ങിയ വകുപ്പുകളിലെ മുതിർന്ന ഉദ്യാഗസ്ഥർ എന്നിവരാണ് രേഖ തയ്യാറാക്കിയത്.

ചർച്ചകൾക്ക് ഒഡിഷ പ്ലാനിങ് ആൻഡ് കൺവേർജൻസ് അഡീഷണൽ സെക്രട്ടറി പി കെ ബിസ്വാൽ, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ, വേൾഡ് വൈൽഡ് ലൈഫ് ഫണ്ട്-ഇന്ത്യ പ്രോഗ്രാം ഡയറക്ടർ ഡോ. സേജൽ വോറ എന്നിവർ നേതൃത്വം നൽകി.